

# CREWLESTA




Chief Editor : JARJEESU RAHIMAN

Staff Editors : AKBARSHA P N

MARIYA P

SIRAJUDHEEN

Students Editors : AMNA K

HIBA NASRIN P P

Editorial Board : RAMSHIDA

AYSHA RIYA

RINSHANA RAFI

NAHANA

FIDHA

AYISHA MOIDEEN

RESHMI

# CREWLESTA

C is for change,you are able to adapt.

R is for reassuring,eliminating doubts!

E is for empathy,and your consideration.

W is for wonder,the child in us all.

L is for look,the way you look at life.

E is for encouraging,thanks for motivation

S is for sensitive, another side shows.

T is for try,as hard as you can.

A is for aware, of your surroundings.

# MANAGER




M.I.H.S.S. FOR GIRLS
കമ്പ്യൂട്ടർ ലാബ്
ഉദ്ഘാടനം:
പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ
06 - 11 - 2019

## ഉള്ളടക്കം

1. **Head Master**..........7

2.S***chool Principal***.......... 8

3. *UMMER C ( DY.HM )*..........9

*4.* **അക്ബർഷാ പി.എൻ (SITC)**..........10

5. ***A FLOWER***..........*11*

*6.* ***VILLAGE BEAUTY***..........*12*

*7.***അറബി ഭാഷ(ASHRAF AV)**..........13

**8. *ANGEL*..........14**

**9. കുറ്റവാളി..........15**

**10. പുലരി (RAMLA KK)..........16**

**11. LOSER..........17**

**12. THE GREEDY MOUSE..........18**

**13. യാത്രവിവരണം...(MOIDEENKUTTY)..........20**

**14. NATURE..........21**

**15. നിലാവ് (MEENA MT)..........23**

**16. പുറത്തല്ല,അകത്താണ്(ABDULLA CM).......... 24**

17. അച്ഛൻ .......................................................................................................... 25

18. GLOBAL WARMING........................................................................................... 27

19. ക്യാമ്പസുകൾ രാജ്യത്തോട് ചെയ്യുന്നത്(NADEER K V)............................................... 28

20. THE LOST JUMBO..............................................................................................30

22. പുഴയോരത്ത് കണ്ട കാഴ്ച്ച........................................................................ 31

23. TRUE FRIENDS.................................................................................. 32

24. BROKEN DREAMS........................................................................................ 34

25. കുട്ടിക്കാലം........................................................................................ 36

26. CORONA – A DREADFUL DISEASE.............................................................................. 37

27. ഇവർ പടിയിറങ്ങുമ്പോൾ (MARIYA PADINHARAKAM........................................................... 39
(LITTLE KITES MISTRESS)

# നമ്മുടെ വിദ്യാലയം

അന്താരാഷ്ട്ര
നിലവാരത്തിലേക്ക് ......





ചിന്തയേയും സർഗ്ഗവാസനകളേയും വികസിപ്പിക്കുകയും സ്വപ്നങ്ങളെ ആകാശത്തിലേക്കുയർത്തുകയും ചെയ്യുന്ന പുതുപൊന്നാനി *MIHSS FOR GIRLS* ലെ ലിറ്റിൽ  കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ    മാഗസിന് എല്ലാ നന്മകളും നേരുന്നു.

*Head Master*

*Jarjees Rahman*



*I am happy to know that you are preparing a magazine in this year. School Magazines give opportunities to enhance the abilities of children. This Digital Magazine of Little Kite MI Girls is truly a great step, by using the advances of technology, towards it. I wish the best to this highly appreciable effort.*

***MIHSS FOR GIRLS Principal***

*K P Yahya Master*



UMMER C
DY.HM

# रे मन

जब मैं चिन्तन करता हुँ
तुझे, सचमुच तू कहॉ ?

कहॉ तेरा वास,दिल में ?
दिमाग में ,उर में है निवास ?

लोग कहते हैं मन वश में हैं
तो करता है सब,

मन नहीं तो सोच नहीं , काम
नहीं जोश नहीं। खल ही खल

मन है तो उमंग ,खुशी,मस्ती
तुम्हें पहचाने का क्या मार्ग

सोच सोच कर हार गया हूँ मैं
हाथ जोडकर करता हूँ प्रणाम



അക്ബർഷാ പി.എൻ
**SITC**

നമ്മുടെ വിദ്യാലയത്തിലെ ഐ . ടി . പ്രവർത്തനങ്ങളിൽ വളരെ സജീവമാണ് "ലിറ്റിൽ കൈറ്റ്സ് ക്ലബ് "നമ്മുടെ ക്ലബ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. മാഗസിന് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

# *A FLOWER*

***I am the queen of beauty***
***lovely one and beautiful***


***To look and attract others with***
***my charming creation of God.......!***

***A slight touch of wind***
***makes me to dance***

***A slight touch of sun rays***
***make me to bloom;***

***The time when I open***
***my tiny eyes***

***The air will be perfumed***
***with my fragrance***



***Aysha Riya .K***
***9th B***

# VILLAGE BEAUTY

I saw a village with a slope
rabbits are going with hope
peoples are slipping from slope.

There are some trees and plants
they grown and glowed upward
with a greenish and brownish.

What a beauty to look
the flying colourful butterflies
the dancing of flowers
make my mind fresh!

The blowing of cold wind,
scent of flowers, chirping of
birds, crickets and other insects!

But I missing these! there is no nature!
All are gone, long and long!

Rafa sain
9th C

# അറബി ഭാഷ



ലോക ജനസംഖ്യയിൽ 300 മില്ല്യൻ ആളുകളുടെ സംസാരഭാഷയാണ് അറബി. 250 മില്ല്യൻ ജനങ്ങൾ രണ്ടാം ഭാഷയായി ഉപയോഗിക്കുന്നു. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ആറ് ഭാഷകളിൽ ഒന്നാണ്.

നഴ്സറി തലം മുതൽ യൂണിവേഴ്സിറ്റി തലം വരെ ഈ ഭാഷ പഠിപ്പിക്കുന്നു. അറബി ഭാഷയിലെ പദങ്ങളും പ്രയോഗങ്ങളും ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ഉർദു ഭാഷകളെ സ്വാധീനിച്ചിട്ടുണ്ട്. എല്ലാ വർഷവും ഡിസംബർ പതിനെട്ടിന് അന്താരാഷ്ട്ര അറബി ഭാഷാ ദിനമായി ആചരിക്കാൻ 2010 ൽ ഐക്യരാഷ്ട്രസഭ തീരുമാനിച്ചു.

Ashraf A.V Chettipadi

# ANGEL

*That day was a blessed day!*
*I felt more happiness in my mind*
*At that moment, I started to like you*
*you never said, 'you are very*
*important to me;*
*But I could grasp we are united!*
*There was many people.......*
*but you are the queen!*
*Some chaos faced by one by one*
*I got more relief from you*
*your soothed words argue to smile,*
*when I returned to God in prayers*
*I had lot to say about you!*

*Afeefa*
*9th B*


# കുറ്റവാളി



വേദനകൊണ്ടു പുളഞ്ഞുപെറ്റപൊ-
ന്നോമനകളായാലും
ജീവന്റെ പകുതിനൽകി
സന്തോഷിപ്പിച്ചവരാണങ്കിലും
വരുംനാളുകളിലെ പ്രതീക്ഷകൾ
സമ്മാനിക്കുമ്പോൾ ,
പതിനെട്ടു വയസ്സ് കടക്കും മുന്നേ....
ജീവിതത്തിൽ കുറ്റവാളികളാവുന്നു
നാം വിദ്യാലയപരീക്ഷകളിൽ
തോൽവി രുചിച്ചാൽ
ഉറ്റുനോക്കുന്നു നമ്മുടെ
മാതാപിതാക്കൾ
തടവുശിക്ഷ അനുഭവിക്കേണ്ട
കുറ്റവാളികളായ്............

Rana Sain
9th C

# പുലരി



*K K Ramla*

പുലരിതൻ ഉവെട്ടം മിന്നിക്കൊണ്ടരുണാംശു
കിഴക്കിന്റെ ചില്ലയിൽ പൂക്കുന്നേരം
നെറുകയിൽ നീർമുത്തു ചൂടി നിൽക്കുന്നൊരീ
കറുകക്കിതെന്തിന്നൊരാലോലം

കൊച്ചു കിനാക്കളെ വാരിപ്പുണർന്നു തൻ
സ്വച്ഛന്ദ നിദ്രയിൽ നിന്നുമൊരാൺകിളി
കണ്ണിണ പാതി തുറന്നങ്ങു മെല്ലവേ
തന്നിണയോടൊത്തു വീണ്ടും മയക്കമായ്

മാകന്ദശാഖിയിൽ കൂ കൂ കുയിൽ നാദം
മാന്തളിരുണ്ണാൻ തിടുക്കമായോ
സല്ലാപമോതുന്ന വല്ലികൾ തങ്ങളിൽ
വല്ലാതെ ചുറ്റിപ്പുണർന്നു നിന്നു

നീഹാരമിറ്റിറ്റു വീഴും വഴിവക്കിൽ
പാൽക്കാരിപ്പെണ്ണിനെന്താഹ്ലാദം
മേൽമുണ്ടിടാത്ത തൻ മാറിടത്തിൽ തട്ടി
തുമഞ്ഞുതുള്ളി കളിപ്പതാലോ

കാന്തനെത്തുമ്പോൾ വിരിഞ്ഞു വിലസാനായ്
താമരപ്പെണ്ണേ തിടുക്കമായോ
കാവിലെ പാട്ടിന്റെ ഈണത്തിനോടൊത്ത്
കാവളം പക്ഷി ചിരിക്കയാണോ

പാടെ ഉറക്കൊഴിഞ്ഞേതറെ പൂതു പൂക്കൾ
ചൂടുന്നു മുല്ലയും പിച്ചകവും
ചെമ്പനീർ മൊട്ടിനെ കള്ളക്കരിവണ്ട്
ചന്തത്തിൽ മുത്തിയുണർത്തിടുന്നു
ഉടലൊരുടുക്കായി കൊട്ടിക്കേറിടുന്നു
ഉഷസ്സെഴുന്നെള്ളുമ്പോൾ, ഉന്മാദമായ്
ഇത്രമേൽ അനുരാഗത്തേൻ നിറക്കാനാർക്കു
പറ്റീടുമെൻ കരൾ ചുണ്ടുകളിൽ

# LOSER

*I lost my freedom*

*I lost my rights*

*I lost my power*

*In the case of my life*

*I feel lots of sorrows and anger*

*Some of negative thoughts are crawling*

*Like an insect.*

*I caught like a survivor*

*My life is full of sorrows*

*Like an empower species*

*My friends, families, siblings*

*Everything are lost from my life.*

*I am the person,*

*That who lost whole of life.*

*Rafa Sain*

*$9^{th}$ C*

# THE GREEDY MOUSE

A mouse saw a basket full of corn. As his stomach was empty, he felt like eating it.

So he made a small hole in the basket. He ate a lot of corn. Soon, he was on a full stomach.

He was very happy.

Then, he wanted to get out. He tried to escape through the same small hole. Though he strained his every effort. Never to get off. He couldn't because his stomach was too big than the hole. He tried again and again.

The mouse started to cry. A rabbit was passing by. She heard the crying and asked, "why are you crying my friend?". The mouse replied: "I made a small hole and got in to the basket. Now my stomach is bigger than the hole. How can I escape?. The rabbit said: "it is because you ate too much. Wait till your belly shrinks".

The rabbit laughed and went away. The mouse fell asleep in the basket. Next morning his belly shrunk. It got out easily but the mouth watering again. The sight of corn made it get in again.. It made up the mind to eat some more corn. So he got in and fed the corn too much. His belly blew up once again. He thought: "oh now i will go out tomorrow".

A cat was the next passed by. He smell a rat in the basket. He lifted its lid and feasted the mouse.

Haziyath.R.V

9th F



അമീറ ബാനു
അംന നിസാർ
ഡൽഹിയിൽ വെച്ച് നടന്ന ദേശീയ സപ്തദിന ക്യാമ്പിൽ പങ്കെടുത്ത് നാടിന് അഭിമാനമായ പുതുപൊന്നാനി എംഐഎ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനി അമീറ ബാനുവിന്
ശാസ്ത്ര ജാലകം --ടാലന്റ് ഹണ്ടിൽ വിജയിയായ പൊന്നാനി എം ഐ ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിനി അംന നിസാർ ന്
സ്നേഹോപഹാരം
സമർപ്പിക്കുന്നു
27-11-2019 3:pm
@ എം ഐ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ - പൊന്നാനി
GCC KMCC PONNANI

## യാത്രാവിവരണം...



*Moideen kutty*

ഒത്തിരി കാലങ്ങൾക്ക് ശേഷമാണ് കലാലയത്തിലെ പ്രിയപ്പെട്ട കൂട്ടുകാരിൽ ചിലർ (റഫീഖ്, ശ്യാം, മൊയ്തീൻ കുട്ടി. റഫീഖും മൊയ്തീൻ കുട്ടിയും സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരും ശ്യാം *BSNL* ലെ ഉദ്യോഗസ്ഥനു മാണിപ്പോൾ) നമ്മുടെ പ്രവാസത്തണു പ്പിലേക്കാണ് വന്നത് എന്നതൊരു ന്യൂനതയാണെങ്കിലും അവരോടൊപ്പം ചിലവഴിച്ച മണിക്കൂറുകൾ ചൂടു പകർന്നു. കാൽ നൂറ്റാണ്ട് പിന്നിടുന്ന പ്രവാസ ജീവിതത്തിൽ കാണാത്തിടങ്ങൾ കാട്ടാൻ ധൃതിപ്പെട്ട് നായകത്വം ഏറ്റെടുത്തു ഷാഫി. എന്റെ ആപ്പീസിൽ വന്ന് അല്പനേരം കാത്തിരുന്നു, ഫിലിപ്പിനോ ലിസ ഉണ്ടാക്കിയ കാപ്പി കുടിച്ച് ഞങ്ങൾ സംസം മന്തിയിലേക്ക് പോയി. മദ്ഹ്ബും മന്തിയും കഴിച്ച് ക്രസന്റ് സ്കൂളിലെ പ്രിൻസിപ്പലായ കൂട്ടുകാരൻ ഷറഫുവിന്റെ സാന്നിദ്ധ്യത്തിലേക്ക്.

വർണ്ണക്കടലാസുകൾ കൊണ്ട് അലംകൃതമാക്കിയ ക്ലാസ് റൂമുകൾ അവൻ കാട്ടിത്തന്നു.

ഔദ്യോഗിക വസ്ത്രമായ കോട്ട് അഴിച്ചു വച്ച് അവനും കൂടി ഞങ്ങളോടൊപ്പം.

പിന്നെ നേരെ പോയത് ജുമൈറ ബീച്ചിലേക്കാണ്.

കടപ്പുറക്കാഴ്ച്ചകളും തണുത്ത കാറ്റും ഞങ്ങളെ മറന്നു വച്ച കലാലയ ദിനങ്ങളിലേക്ക് പിൻ നടത്തി.

കേട്ടും പറഞ്ഞും ഞങ്ങൾ ജുമൈറ സൂക്കിലൂടെ പാരമ്പര്യ സംഗീതവും കാഴ്ച്ചകളും കണ്ട് പഴങ്കഥകൾ പറഞ്ഞ് നടന്നു.

തിരിച്ച് പോരും വഴി ഒരു കഫ്റ്റീരിയയിൽ (ചായക്കട ) കയറി ലഘുഭക്ഷണം കഴിക്കുമ്പോൾ പറഞ്ഞ കഥകൾ മാത്രം മതി ഒരു പെരും നോവൽ തീർക്കാൻ !

കാലങ്ങൾ കലണ്ടർ വർഷങ്ങൾ മാത്രമാക്കുന്ന അതിശയമാണ് ഞങ്ങളുടെ സൗഹൃദം.

തുടങ്ങിയിട്ടേയുള്ളൂ, കേൾക്കാം കഥകളൊത്തിരിയിനിയും.

# NATURE

Look at the trees hearing
the singing of the birds

Happily, chirping, singing
at ease without words

I watch the waves crashing,
breaking on the shore

All their anger dispensed
on the ocean floor

I look at the sky so blue, sun
shining so bright

spreading heat and happiness
with its blinding light

cone blades of grass swaying in
the gentle breeze

dancing in rhythm with so
much ease

look up at the trees
hearing the singing of the birds

happily, chirping, singing
at ease without words

sitting here holding my



knees to my chest

watching and hearing
nature at it's best



I ponder how nature
could get it so right

when we have nature's lessons
get so out of sight

if only to make people stop
watch and listen to nature's tale

we all sit back happily and our
world would not be so afraid

if each other's existence in
harmony we could all survive



I'm sure like the sun, wind, tree and
birds our lives we could receive

In only we let nature take it's course
in each and every one of us each
day and night

it ponder how nature got it so
right and we lost all sight

SHIFANA P.S
9thD

# നിലാവ്

ഇന്നലെ  കണ്ടു ഞാനഛരന്റെ പൂമുഖം
പാതി മയങ്ങിയ നിദ്രയിങ്കൽ :
പുൻചിരി  തത്തി ക്കളിക്കന്നൊരാ മുഖം
അന്വേഷണങ്ങൾ തിരക്കിയേറെ
അമ്പിളി പൂവെട്ടം  ആഹ്ലാദം  കാണിക്കെ
സദർശിച്ചതാവാം തൻകുടുംബം
നേരമൊട്ടായല്ലോ മോളെ ഞുണരാത്തു
അമ്മയടുക്കലിൽ കാക്കകില്ലേ.....
നിൻ കൈത്തണ്ടയിൽ  കരിവളയിട്ടുവോ
കൺകളിലെന്തേ  വിഷാദ ധൂവം
പൂവൻ കുലച്ചുവോ...?  പച്ചടി....
കിച്ചടി കുത്തരിച്ചോറു വിളമ്പാറായോ......
പാൽ നിലാവാകുമാ... പുൻചിരി എൻ മുന്നിൽ
ആകെ പെയ്ത്തങ്ങിങ്ങും  ളുകി  നിൽക്കെ
 നീട്ടിയെൻ കൈകളാ മുഖമൊന്നു മുത്തുവാൻ
കഷ്ടമെൻ കണ്ണു തുറന്നു  പോയി...........



**MEENA M T**

# പുറത്തല്ല, അകത്താണ്



***Abdulla CM***

പുറത്തല്ല, അകത്താണ്.(കുട്ടിക്കാലവും,ജീവിതാനന്ദവും.) നഷ്ടമായ സൂചി തിരയുകയാണ് സൂഫീഗുരു. ശിഷ്യരും കൂടെച്ചേർന്നു കുറേ തിരഞ്ഞു. കിട്ടാതെ വന്നപ്പോൾ ഒരു ശിഷ്യൻ ചോദിച്ചു. എവിടെ വെച്ചാണ് സൂചി

നഷ്ടമായതെന്ന് ഓർമയുണ്ടോ..? വീട്ടിനകത്ത് വസ്ത്രം തയ്ക്കുന്നതിനിടയിലാണെന്ന് ഗുരു.
അകത്തു നഷ്ടമായ സൂചിക്ക്പുറത്തു തിരയുന്നത് വ്യർഥമല്ലേ..?
ശിഷ്യർ അമ്പരപ്പോടെ ചോദിച്ചു.നമ്മൾ, മനുഷ്യരാശി മുഴുവൻ അങ്ങനെയല്ലേ...!അകത്തെ ഇരുട്ടിൽ നമുക്ക് നഷ്ടമായ ജീവിതാനന്ദം പുറത്തെ ഭൗതികവ്യവഹാരങ്ങളിലല്ലേ നാം തിരയുന്നത്..?
മാളികയിൽ,ഫാഷൻ വസ്ത്രങ്ങളിൽ,ഭക്ഷണവൈവിധ്യത്തിൽ...പഴയ ഫോൺ ഒഴിവാക്കി പുതിയ ടച്ച് ഫോണിൽ,പഴയ വാഹനം ഉപേക്ഷിച്ച്പുതിയ മോഡലിൽ,പഴയ ആഭരണം മാറ്റി പുതിയ ഡിസൈനിൽ...എല്ലാവരും പുറത്തെ വെളിച്ചത്തിൽ വല്ലാതെ തിരഞ്ഞു നടക്കുകയാണ്..!
സമാധാനം, ആത്മസംതൃപ്തി, ജീവിത ധന്യത ....അകത്തെ ഇരുട്ടിൽ നഷ്ടമായത് പുറത്തെ വെളിച്ചത്തിൽ തിരയുന്ന നാമല്ലേ യഥാർഥ വിഡ്ഢികൾ...?ഗുരു ശിഷ്യർക്ക് ജീവിതം പഠിപ്പിച്ചു.
ഇപ്പോൾ ഈ സൂഫിക്കഥ ഓർമ്മിച്ചത് എന്റെ വിദ്യാലയത്തിൽ (പുതുപൊന്നാനി എം.ഐ ഗേൾസിൽ 19/01/2019, ശനിയാഴ്ച) നടന്ന പൂർവ്വ വിദ്യാർഥിസംഗമത്തിന്റെ പശ്ചാതലത്തിലാണ്.ഭർത്താവും,മക്കളും ഉള്ളഏറെ മുതിർന്നപൂർവ്വവിദ്യാർഥികൾ സ്കൂളിലെത്തിക്കൂട്ടുകാരെയും, പഴയഅധ്യാപകരെയും കണ്ടപ്പോൾ എത്ര വേഗമാണവർകുട്ടികളായി മാറിയത്....?ഒറ്റക്ക് നേരിട്ടജീവിതത്തിന്റെ കയ്പും, മധുരവും പടിഞ്ഞാറതിർത്തിയിലെ ആഴക്കടലിൽ ഉപേക്ഷിച്ച് പാട്ടും,ഒപ്പനയും കളിച്ച് കളിച്ചങ്ങാതിമാരായത്...!
കൂട്ടമണി കേൾക്കുമ്പോൾആനന്ദിച്ചോടിയിരുന്നഅവർ,കുട്ടിക്കാലത്തിന്റെ മയിൽപ്പീലിനിറങ്ങൾ തിരഞ്ഞു തിരഞ്ഞ് സ്കൂളിന്റെ ഓരോ മണൽത്തരിയിലും നടന്നു...ഞാവൽമരച്ചോട്ടിൽ നിന്ന് നഷ്ട നൊമ്പരങ്ങളുടെ സെൽഫി പിടിച്ചു...ഉപേക്ഷിച്ച ജീവിതത്തിന് നേടാനുള്ള ജീവിതത്തേക്കാൾ മധുരമുണ്ടെന്ന് സങ്കടം പറഞ്ഞു...!
കൂട്ടത്തിൽ എന്റെ ഭാര്യയുമുണ്ടായിരുന്നു...! പഴയ കൂട്ടുകാരോടൊത്ത് അവളുടെ ഗണിതാധ്യാപകനുമൊത്ത് ജീവിതത്തെ വഴിതിരിച്ച ആ പത്ത് ജി യുടെ മധുരച്ചൂരലിന്റെ ഓർമ്മയിലും ഒരു സെൽഫി. ചുരുക്കട്ടെ, ഒടുവിൽ വിദ്യാലയം പിരിഞ്ഞ് വീട്ടിൽ തിരിച്ചെത്തുമ്പോൾ എന്തിനാണ് കുട്ടികളേ, മുതിർന്നവരുടെ കുപ്പായമിട്ട് നിങ്ങൾ മുഖം കനപ്പിക്കുന്നത്.... ഹൃദയം നിറയെ നിഷ്കളങ്കതയും, കളിചിരികളും നിറച്ച് നിങ്ങളുടെ കൂടെയുള്ളവരെ കളിച്ചെങ്ങാതിമാരാക്കിയാൽ ജീവിതം മുഴുവൻ ഒരു കുട്ടിക്കാലമായി മാറില്ലേ.. പുറത്തല്ല, അകത്തല്ലേ നാം കുട്ടിക്കാലം തിരയേണ്ടത്...... ?ജീവിതാനന്ദവും...!! ചെളി നിറഞ്ഞ സ്വാർഥതയും, നാം തന്നെ വീർപ്പിച്ച്

വലുതാക്കിയ ഈഗോയുമല്ലാതെ മറ്റെന്താണ് നമുക്ക് തടസ്സം...?!

# അച്ഛൻ

അച്ഛൻ ജീവിതത്തിൽ കിട്ടിയ ഒരു ഭാഗ്യമാണ്.എനിക്കുമുണ്ടായിരുന്നു ഒരച്ഛൻ. എന്റെ ജീവിതത്തിലെ ഹീറോ. പുള്ളി പട്ടാളത്തിലാണ് ജോലി ചെയ്തിരുന്നത്. ക്യാമ്പിലെ അച്ചടക്കനിയമങ്ങളൊന്നും ജീവിതത്തിലില്ല.വർഷത്തിൽ മൂന്ന്  മാസത്തിലെങ്കിലും അവധിക്ക് വരും. എന്റെയും ചേട്ടന്റെയും പിറന്നാൾ നവംബറിലായതു കൊണ്ട് കൂടുതൽ നവംബറിൽ തന്നെ വരാൻ ശ്രമിക്കും. പിന്നെ എൻ.എ.പി.ട്ടി യുടെ അഭിമുഖത്തിൽ പന്ത്രണ്ടാം ക്ലാസുകാർക്ക് പരിശീലനം കൊടുക്കുന്നത് കൊണ്ട് കുറേക്കൂടി നാട്ടിൽ ചെലവഴിക്കും. നാട്ടിലായാൽ ജോലിയെപറ്റിയൊന്നും നമ്മോട് സംസാരിക്കാറില്ല.നല്ല നാടൻ രീതിയിലും ശൈലിയിലുമാണ് അച്ഛൻ കാണപ്പെടാറ്. സ്കൂളുകളിൽ നടക്കുന്ന കായിക ഇനങ്ങളിലും മറ്റുമത്സരങ്ങളിലും പങ്കെടുക്കാൻ നന്നായി നിർബന്ധിക്കും. അച്ഛന്റെ മുഖത്ത് എപ്പോഴും പുഞ്ചിരി ഉണ്ടാകും. നല്ല ദൈവഭക്തിയുള്ള ആളാണ്. ദിവസവും അമ്പലത്തിൽ പോകും. അച്ഛന്റെത്ര ധൈര്യം ഞങ്ങളുടെ കുടുംബത്തിൽ ആർക്കുംതന്നെയില്ല. എല്ലാവർക്കും അച്ഛനെ നല്ല ഇഷ്ടമായിരുന്നു, അച്ഛന് എല്ലാവരേയും. എന്റെ ജീവന്റെതന്നെ പകുതിയായിരുന്നു അച്ഛൻ. എന്റെ എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും ഞാൻ പുള്ളിയോട് പങ്കുവെക്കുമായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ ഒരു വിവാഹവേളയിൽ കാർണവരായി

സ്ഥാനം വഹിച്ചിരുന്നു. ഞാൻ സന്തോഷിച്ച ഒരു നിമിഷമായിരുന്നു അത്. ആ സമയം അച്ചൻ ഒരു മിലിട്ടറിക്കാരനായല്ല ഒരു നാട്ടുക്കാരൻ എന്ന നിലയിലായിരുന്നു പുള്ളി. ഓറഞ്ച് തിളങ്ങുന്ന കുർത്തയും അത് കൈ മടക്കി മുക്കാൽ ഭാഗമാക്കി നല്ല സ്വർണ്ണനിറമുള്ള കരയുള്ള വേഷ്ടിയും മടക്കിപിടിച്ച് ആ മീശയും പിരിച്ച് നിൽക്കുന്ന അച്ഛന്റെ ആ രൂപം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. സാമൂഹിക പ്രവർത്തനങ്ങളിലും അച്ചൻ ഏർപ്പെട്ടിരുന്നു. എല്ലാവരെയും പുള്ളി പറ്റുന്നതു പോലെ സഹായിച്ചിരുന്നു. അച്ചന്റെ നല്ല

കാര്യം മാത്രമല്ല. അച്ചന് കുറേ ചീത്ത സ്വഭാവങ്ങളുമുണ്ട്. എന്നുവെച്ചാൽ അച്ചന് വല്ലാതായാൽ ആ ദേഷ്യം ഞങ്ങളോട് വന്ന് തീർക്കുമായിരുന്നു,അച്ചൻ നല്ലവണ്ണം വഴക്കു പറയുമായിരുന്നു.പക്ഷെ ഇതിലെല്ലാം അച്ചന് ഒരു നിയന്ത്രണമുണ്ടായിരുന്നു. പുള്ളി ചീത്ത പറയുന്നത് കേട്ടാൽ ഞാൻ പലപ്പോഴും ചിരിച്ചു പോവും. അച്ചൻ രാഷ്ട്രീയകാര്യത്തിലൊക്കെ ഇടപെട്ടിരുന്നു. അപ്പൻചില കാര്യങ്ങളിൽ എടുത്തുമാറ്റുമായിരുന്നു. എന്നാലും എല്ലാവരെയും പ്രീതിപ്പെടുത്തിയിരുന്നു അദ്ദേഹം. അച്ഛൻ എപ്പോഴും നല്ല വഴി മാത്രമേ പിന്തുടരുകയുള്ളൂ. “നമ്മുടെ താത്പര്യം എന്താണോ അതിനനുസരിച്ച് പ്രവർത്തിക്കണം.” എന്ന് എപ്പോഴും പറയും. അച്ഛനോട് എപ്പോഴും എനിക്ക് ഇഷ്ടത്തേക്കാൾ കൂടുതൽ ബഹുമാനമായിരുന്നു. ഞാൻ അച്ഛനെ കണ്ടാൽ എഴുന്നേറ്റു നിൽക്കും. അത് കണ്ടാൽ അച്ഛൻഎപ്പോഴും തുറിച്ചുനോക്കും. പിന്നെ അച്ഛനോട് ഞാൻ എപ്പോഴും സല്യൂട്ട് അടിക്കും. അത് അച്ഛന് ഇഷ്ടമല്ല. അങ്ങനെയുള്ള ഒരാളാണ് അദ്ദേഹം. എന്റെ അച്ഛനിൽ ഞാൻ അഭിമാനിക്കുന്നു. ആര് നിനക്കെന്താകണമെന്ന് ചോദിച്ചാൽ ഞാൻ പറയും എനിക്ക് അച്ഛനെ പോലെയാവണമെന്ന്. എന്റെ മുന്നിൽ വെച്ച് കുറെ ആളുകൾ അച്ഛനെപ്പറ്റി നല്ലത് പറയാറുണ്ട്. അത് കേൾക്കുമ്പോൾ ഒരു കുളിർമഴയാണ്. ഇന്നും പലരും എന്നോട് അച്ഛന്റെ മഹത്ത്വത്തെപ്പറ്റി പറയുന്നുണ്ട്. അത് എന്റെ അച്ഛനും പരലോകത്ത് സന്തോഷത്തോടെ ഇരുന്ന് കേൾക്കുന്നുണ്ടാകും. “അച്ഛാ..........ഞങ്ങൾ ഇവിടെ സന്തോഷത്തിലാണ്. ഇന്ത്യ നിങ്ങളെ സ്മരിച്ചുക്കൊണ്ടിരിക്കുകയാണ്........”

പ്രണാമം........

Rana Sain

9th C

# ***GLOBAL WARMING***

*There are people around the world fighting for the truth: global warming or global cooling. For me I believe in global war-the ice at the north and south poles is melting. Which means the weather is getting hotter. Also because of the melting of the ice, the sea level is rising. The burning of fossil fuels is causing the amount of carbon dioxide in the atmosphere to increase. On the other hand, people say that global cooling is caused by solar activities of the sun. It can't be exactly accurate because the satellite sensor might have some error when detecting the solar activities. There fore there might be errors about that. So I think global war makes more sense than global cooling.*

*Naseera Shana*
*$9^{th}$D*

# ക്യാമ്പസുകൾ രാജ്യത്തോട് ചെയ്യുന്നത്...



കെ വി നദീർ

രാജ്യം എന്ത് ആവശ്യപ്പെടുന്നുവൊ അത് നൽകുന്നതാണ് കാമ്പസ്. രാജ്യത്തെ കാമ്പസുകൾ അതാണിപ്പോൾ നൽകി കൊണ്ടിരിക്കുന്നത്. എത്ര സർഗ്ഗാത്മകമാണ് അവരുടെ പോരാട്ടം. തോക്കും ലാത്തിയുമായി എതിരിടാനെത്തുന്നവർക്കു നേരെറോസാ പൂക്കൾ നീട്ടുന്നു. പാട്ട്പാടുന്നു. പുഞ്ചിരിച്ചുകൊണ്ട് മുദ്രാവാക്യം മുഴക്കുന്നു. വേഷം കൊണ്ട് അക്രമിയെ തിരിച്ചറിയാനാകുമെന്ന് പറഞ്ഞ ഭരണാധികാരിക്കു നേരെ വസ്ത്രമുരിഞ്ഞ് പ്രതിഷേധിക്കുന്നു. പഴയ ചരിത്രങ്ങൾ പഠിക്കുകയല്ല; പുതിയ ചരിത്രങ്ങൾ രചിക്കുകയാണ് ലക്ഷ്യമെന്നവർ പ്രഖ്യാപിക്കുന്നു. ക്ലാസ് മുറി വിട്ട് അവർ തെരുവിലിറങ്ങിയത് കൂടെയുള്ളവർക്ക് വേണ്ടിയായിരുന്നു. രാജ്യത്തിനു വേണ്ടിയായിരുന്നു. പവിത്രമായ ഭരണഘടനക്ക് വേണ്ടിയായിരുന്നു. ഇന്ത്യയെന്ന വികാരമായിരുന്നു അവരുടെ മുദ്രാവാക്യങ്ങളിൽ നിറഞ്ഞത്. മതേതരത്വവും സമത്വവും തുളുമ്പി നിന്നു.

ജാമിഅ മില്ലിയയിൽ നിന്നാണ് തുടങ്ങിയത്. രാജ്യത്തെ വിഭജിക്കുന്ന വിചാരങ്ങളോട് അവർക്ക് രാജിയാകാനായില്ല. അടിച്ചൊതുക്കാൻ വന്നവർക്കു നേരെ അവർവിരൽ ചൂണ്ടി. പിടിച്ചു കൊണ്ടു പോയവർക്കായി മരം കോച്ചുന്ന തണുപ്പിലും കാവലിരുന്നു. ഇമവെട്ടാതെ നോക്കി നിന്നു. നിലക്കാത്ത ശബ്ദത്തിൽ ആർത്തു വിളിച്ചു. നേരം പുലർന്നപ്പോൾ കാമ്പസുകൾ ഓരോന്നായി ഉണർന്നു. പുസ്തകം മടക്കി വെച്ച് തെരുവിലേക്കിറങ്ങി. ഭീഷണികളെ അതേ സ്വരത്തിൽ

നേരിട്ടു. കൂസലില്ലാതെ, പതർച്ചയില്ലാതെ അവർ ഉറച്ചു നിന്നു. ചോദ്യങ്ങളുയർത്തി. പണമല്ല, രാജ്യമാണ് പ്രധാനമെന്നവർ ആണയിട്ടു. ജവഹർലാൽ നെഹ്റു സർവ്വകലാശാല, ബനാറസ് ഹിന്ദു സർവ്വകലാശാല, മദ്രാസ് സർവ്വകലാശാല എന്നിങ്ങനെ ഓരോരുത്തരായി ഒപ്പം ചേർന്നു.

സ്വതന്ത്ര്യ സമര പോരാട്ട കാലത്ത് കണ്ട അതേ വീറും വാശിയും. അടിയന്തരാവസ്ഥ കാലത്തെ അതേ ചങ്കുറപ്പ്. ഒരേ ശബ്ദമായിരുന്നു അവരിൽ നിന്ന് പുറത്തുവന്നത്. സ്വാതന്ത്ര്യം... ജനാധിപത്യം... ഭരണഘടന... ഇന്ത്യ. കലാപം അവരുടെ മുന്നിൽ ലക്ഷ്യമായിരുന്നില്ല. സംഘർഷത്തിനും അവരില്ലായിരുന്നു. ഇന്ത്യയെന്ന വികാരമാണ് അവരിൽ അണപൊട്ടിയത്. അറിഞ്ഞതും പഠിച്ചതുമായ ഇന്ത്യയെ നശിപ്പിക്കാനാകില്ലെന്നതായിരുന്യാതൊന്നിന്റെ പേരിലും രാജ്യത്തെ വെട്ടിമുറിക്കാനാകില്ലെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. കാമ്പസിന്റെ വായ് മൂടിക്കെട്ടാൻ നടക്കുന്നവർ കാണുന്നില്ലെ ഈ റോസാപ്പൂ വിപ്ലവം.

കാമ്പസിന്റെ കവാടങ്ങളിൽ കെട്ടിത്തൂക്കിയ രാഷ്ട്രീയ നിരോധന ബോർഡുകളെ നോക്കി സഹതപിക്കാം. കാമ്പസിൽ നിന്ന് പുറത്തു വരേണ്ടത് പാഠപുസ്തകങ്ങളിൽ നിന്നുള്ള നേർത്ത ശബ്ദങ്ങൾ മാത്രമാണെന്ന് വാദിച്ചവർ എതിർശബ്ദങ്ങളെ അപശബ്ദങ്ങളായി കണ്ടവരാണെന്ന് പറയാം. കാമ്പസിന്റെ വായകളെ എത്രതന്നെ പൊത്തിപ്പിടിച്ചാലും സകല ബന്ധനങ്ങളേയും ഭേദിച്ച് ഉഗ്രശബ്ദമായി അവ പുറത്തു വരിക തന്നെ ചെയ്യും. ഹനിക്കപ്പെടുന്ന സകല അവകാശങ്ങൾക്കുമേലും എക്കാലത്തും ശബ്ദമുയർത്തിയിട്ടുണ്ട് കാമ്പസുകൾ. അവയിപ്പോഴും തുടരുന്നു. ഇനിയുമത് തുടരും. കാമ്പസ് ഇടിമുഴക്കങ്ങളുടേതാണ്. നിർവ്വികാരതയുടേതല്ല.


# THE LOST JUMBO

Jumbo was a baby elephant. He lived in a forest with his father and mother. He was very mischievous. One day he wandered off alone into the forest without telling his parents. He walked all over and lost his way.

Do you know what happened next..........?

He fell into a pit. Poor Jumbo! He tried to climb out of the pit, but couldn't. He was tired and hungry. He was in the pit for a few days. He missed his parents. Jumbo decided that he'll never be naughty again and would listen his parents hereafter.

Then one day, the forest rangers found Jumbo. They pulled him out of the pit and took him in a truck to the elephant orphanage where they looked after him. They fed him and gave him milk. Jumbo met many foster uncles, aunties, brothers and sisters. Now he lives happily at the orphanage with his new family of elephants.



Ramshidha
9th B

# പുഴയോരത്ത് കണ്ട കാഴ്ച

പുഴ കാണാൻ എത്തിയപ്പോഴാണ് ആ കാഴ്ച കണ്ടത്. ഒഴുകുന്ന പുഴയിൽ നിന്ന് ഏതാനും മീറ്റർ അകലത്തിൽ ഷീറ്റുകൊണ്ട് മറച്ച കുടിൽ പോലെ ഒന്ന്. നാല് ജീവൻ ഉണ്ട് അതിനകത്ത് രണ്ട് മുളക്കുറ്റിയിൽ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് വലിച്ച കൊണ്ടാണ് ആ വീടുള്ളത് . നിവർന്നു നിന്നാൽ തല തട്ടുന്ന ഉയരമേ ഉള്ളു അതിന്. പകലിലെ കൊടും ചൂടും രാത്രിയിലെ കാറ്റും തണുപ്പും അവർ മാറി മാറി സഹിക്കുന്നു. തുറന്നു കിടക്കുന്ന വീടിനു ചുറ്റും നായകൾ റാന്തി ചുറ്റുന്നുണ്ട്, ഇഴജന്തുകൾ ഇഴഞ്ഞു പോകുന്നുണ്ട്. ശാന്തമായി ഒഴുകുന്ന പുഴയുടെ മനസ്സ് മാറിയാൽ ആ കുടിൽ ആകെ വെള്ളത്തിലാകും .അച്ഛനും അമ്മക്കും ഒപ്പം രണ്ട് പിഞ്ചു കുഞ്ഞുങ്ങളും അവിടെ ഉണ്ട്. കിടക്കാൻ പുൽ മെത്തയാണ്. അവർക്ക് അത് കൊട്ടാരമാണ്. സൗകര്യങ്ങളുടെ നടുവിൽ അന്തിയുറങ്ങുന്ന നമ്മൾ പുല്ലിൽ ഉറങ്ങുന്ന അവരെ കൂടി കാണേണ്ടതുണ്ട്. ആ ജീവികളെ കണ്ണ് നിറയെ കണ്ട് നമ്മളിലെ അനുഗ്രഹത്തെ തിരിച്ചറിയണം.......

Niya Nasrin

8th J

# TRUE FRIENDS

Many peoples will talk in-
and out of your life. But;
only the true friends will
leave, their foot prints
inside your heart....!

Their silence will hurts you;
more than an enemy's
rough, hard words...!
They brings energy to your soul.

They will hurt you, as well as,
they will support you.....
They know your weakness,
but they show you, only
your "mysterious strength"

They are like stars.....
you don't always see them,
but you know they are
always there like a cheer...!

The life without friends
is like a night sky
without shining stars.
Friendship is not a big thing!
It is a million little things.....



Amna k
9th B


Faba Miran
9th C



# BROKEN DREAMS

As children bring their broken toys
with tears for us to mend
I brought my broken dreams to God
because He was my friend
But then, instead of leaving Him,
in peace, to work alone;
I hung around and tried to help,
with ways that were my own.
At last, I snatched them back and cried,
"How can you be so slow?"
"My child", He said,
"what could I do?
You never did let go".

Sineena
9th I



Thamanna Shahanas
9th C

# കുട്ടിക്കാലം

തേൻമാവിൻ കൊമ്പത്ത്
ആടിയുലഞ്ഞ് കഴിഞ്ഞുപോയ
കുട്ടിക്കാലം



മൂണ്ടങ്ങാക്കായ് പറിച്ച് വന്ന്
ചവർപ്പോടെ തിന്നിരുന്നു
കുട്ടിക്കാലം

പൂത്തുമ്പിതൻ വാലിന്നറ്റത്ത്
കയറാൽ കുരുക്കിപ്പറപ്പിച്ച
കുട്ടിക്കാലം


വസന്തങ്ങളിലെ പൂമൊട്ടുകൾ പോൽ
പൂത്തുലഞ്ഞ ഓർമകളുടെ
കുഞ്ഞുനാൾ.

ആയിഷ മൊയ്തീൻ.
9thD

# CORONA – A DREADFUL DISEASE

It is widely spread in China, Singapore, Malaysia and US is also reported to have Corona virus infections.

Severe cold, sneezing, respiratory issues, difficulty in breathing are few very common symptoms.




Since it is virus take following precautions:-

1) Drinking boiled water.
2) Stop non veg
3) Take vitamin C, zinc, B complex daily.
4) Strictly follow personal hygiene.
5) Decoction of tulasi, ginger, pepper, curcumin in hot water helps immensely.
6) Take hot Rasam or vegetables soups.

Antibiotics will not work on Corona virus.

Drink hot water like tea sip by sip.

JASIYA .P.



Zulfa Zamzam
9th B


MARIYA PADINHARAKAM
(LITTLE KITES MISTRESS)

# ഇവർ പടിയിറങ്ങുമ്പോൾ

ഈ വർഷം ഈ സ്ഥാപനത്തോട് യാത്ര പറയുന്നത് നാല്

പേരാണ്.



<u>സൗദ ടീച്ചർ</u>

പഠിച്ച സ്കൂളിൽ തന്നെ ജോലി ചെയ്യാൻ ഭാഗ്യം ലഭിച്ച ഒരു വ്യക്തിയാണ് സൗദ ടീച്ചർ. 1987- ൽ ജൂലൈ 30 ന് എം.ഐ.യു.പിയിൽ പ്രവർത്തനമാരംഭിച്ചു. ടീച്ചറുടെ ഉമ്മയും അതേ സ്കൂളിൽ അധ്യാപികയായിരുന്നു. പത്ത് വർഷത്തിന് ശേഷം 1997-ൽ ഹൈസ്കൂളിലേക്ക് വന്ന ടീച്ചർ ഇംഗ്ലീഷ്, ബയോളജി, ഐ.ടി ക്ലാസുകൾ കൈകാര്യം ചെയ്തു.

ബയോളജി കൺവീനർ,ഹെൽത്ത് ക്ലബ് മെമ്പർ,ഐ.ടി-യിൽ ജോ.എസ്.ഐ.ടി.സി എന്നീ പദവികൾ അലങ്കരിച്ചിട്ടുണ്ട്. കുട്ടികളുടെ മേളകളിലും പഠന യാത്രകളിലും ടീച്ചറുടെ സാന്നിദ്ധ്യം എന്നും നിറഞ്ഞുനിന്നിരുന്നു.



## ലീന ടീച്ചർ

25-07-1991-നാണ് ലീന ടീച്ചർ അധ്യാപികയായി എം.ഐ.യു.പിയിലേക്ക് കടന്ന് വരുന്നത്. സൗമ്യത കൈമുതലാക്കിയ ടീച്ചറുടെ സേവനം 1997 വരെ എം.ഐ.യു.പിയിൽ ആയിരുന്നു. പിന്നീട് ഹൈസ്കൂളിൽ എത്തിയ ടീച്ചർ എസ്. എസ് ആയിരുന്നു കൈകാര്യം ചെയ്തിരുന്നത്. എസ്.എസ് കൺവീനർ,ക്ലബ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ കഴിവുകൾ ഉയർത്താൻ ടീച്ചർ എന്നും മുൻപന്തിയിലായിരുന്നു.



## ഗീത ടീച്ചർ

ലീന ടീച്ചറോടൊപ്പം ഒരേ ദിവസം ജോയിൻ ചെയ്ത ഗീത ടീച്ചർ ആറ് വർഷം എം.ഐ.യു.പിയിൽ ജോലി ചെയ്തു. തുടർന്ന് 1997 ജൂലൈ 15 ന് പ്രമോഷനായി എം.ഐ.എച്ച്.എസ്.എസ് ഫോർ ഗേൾസിൽ എത്തി .ടീച്ചർ ആദ്യം ഇംഗ്ലീഷും പിന്നീട് എസ്.എസും  കൈകാര്യം ചെയ്തു പോന്നു. ഏത് ഘട്ടത്തിലും തന്റെ സ്വന്തമായ നിലപാട് വ്യക്തമാക്കിയിരുന്നു.എസ്.എസ് കൺവീനർ, ക്ലബ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട് . ടീച്ചർ എസ്.എസ് ക്ലബ് സെക്രട്ടറിയായിരിക്കവെ ഒരിക്കൽ ബെസ്റ്റ് ക്ലബ്ബിനുള്ള അവാർഡ് കിട്ടിയിട്ടുണ്ട്.

ക്ലാസുറൂമുകളിലും മേളകളിലുമെല്ലാം ഗീത ടീച്ചർ ഞങ്ങളുടെ ഒരു ശക്തിയായിരുന്നു. തിന്മയെ ചോദ്യം ചെയ്യാനുള്ള ഒരു ആർജ്ജവം ടീച്ചർക്കുണ്ട്.



<u>കൊച്ചുമേരി ടീച്ചർ</u>

1983 ആഗസ്റ്റ് 29 ന് ഒരു കൊച്ചു സുന്ദരി പിതാവിനൊപ്പം എം.ഐ.എച്ച്.എസിൽ എത്തി. അന്ന് ടീച്ചർക്ക് 19 വയസ്സായിരുന്നു. അഞ്ചാം ക്ലാസിലെ ടീച്ചർ ആയാണ് തുടക്കം.ആദ്യ കാലം ഇംഗ്ലീഷ്,കണക്ക്,സയൻസ്,എസ്.എസ്,മലയാളം എന്നീ വിഷയങ്ങൾ മാറിമാറി കൈകാര്യം ചെയ്തു. തുടക്കത്തിൽ വിജയമാത കോൺവെന്റ് ഹോസ്റ്റലിൽ ആയിരുന്നതുകൊണ്ട് കല, കായിക,ശാസ്ത്രമേളകളിലും പഠനയാത്രകളിലും സ്ഥിരം എസ്കോർട്ടിങ്ങ് പോകുമായിരുന്നു.

പിന്നീട് 1996 ൽ പെൺകുട്ടികൾക്ക് മാത്രമായി പുതുപൊന്നാനിയിൽ എം.ഐ.എച്ച്.എസ്.എസ് ഫോർ ഗേൾസ് നിലവിൽ വന്നപ്പോൾ യാത്രാസൗകര്യം കണക്കിലെടുത്ത് അങ്ങോട്ട് മാറി. ഇവിടെ ടീച്ചർ കണക്ക് ആണ് കൈകാര്യം ചെയ്തിരുന്നത്. എം.ഐ.എച്ച്.എസ്.എസ് ഫോർ ഗേൾസിൽ എസ്.ആർ.ജി കൺവീനർ,കണക്ക് കൺവീനർ,സെക്രട്ടറി, സ്റ്റാഫ് എക്സിക്യൂട്ടീവ് മെമ്പർ, പി.ടി.എ എക്സിക്യൂട്ടീവ് മെമ്പർ എന്നീ ചുമതലകൾ വഹിച്ചു.പല ഇലക്ഷനുകളിലും സെൻസസുകളിലും ഭാഗമായി 2001 ലെ സെൻസെസിലെ ബെസ്റ്റ് എന്യൂമെറേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ടു. 37 വർഷത്തെ നീണ്ട അധ്യാപന ജീവിതം ടീച്ചറെ ഒരു പൊന്നാനിക്കാരിയാക്കുന്നു. 2020 മാർച്ച് 31 ന് ഔദ്യോധിക ജീവിതത്തിൽ നിന്നും പടിയിറങ്ങുന്നു.

# മറ്റു പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്ന്..........
















## HARITHA SENA



## JRC




## GUIDE




## വിദ്യാരംഗം






## ഹലോ ഇംഗ്ലീഷ്




## ഗണിതോത്സവം






## സയൻസ്






ഹൈടെക്ക് സ്കൂൾ പദ്ധതി
ഐ.ടി
അടിസ്ഥാന സൗകര്യ
വികസനം
ഐ.സി.ടി
പരിശീലനം
ഡിജിറ്റൽ ഉള്ളടക്ക
സമഗ്ര
പോർട്ടൽ
ലിറ്റിൽകൈറ്റ്സ്
ഐ.ടി ക്ലബ്ബുകൾ
ഇ-ഗവേണൻസ്
&
മോണിറ്ററിംഗ്
Hi-Tech School Project
493.50 Crores
കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനവും
സമ്പൂർണ്ണ ഹൈടെക് വിദ്യാലയ പ്രഖ്യാപന
KIIFB

# അവാർഡുകൾ



തിരൂർ വിദ്യാഭ്യാസജില്ലയിലെ രണ്ടാംസ്ഥാനം പുതുപൊന്നാ
എം.ഐ.എച്ച്.എസ്.എസ്. ഗേൾസ്





മാതൃഭൂമി വിദ്യ–വി.കെ.സി. ജൂനിയർ നന്മ പദ്ധതിയിൽ തിരൂർ വിദ്യാഭ്യാസജില്ലാതലത്തിൽ ഒന്നാം
നേടിയ പുതുപൊന്നാനി എം.ഐ.എച്ച്.എസ്.എസ് ഫോർ ഗേൾസിന് മൊറയൂർ ഗ്രാമപ്പഞ്ചായത്ത
പ്രസിഡന്റ് കെ.എം. സലീം ട്രോഫിയും കാഷ് അവാർഡും നൽകുന്നു.



**സ്വപ്നം കാണുക,**
**ആ സ്വപ്നങ്ങളെക്കുറിച്ച്**
**ചിന്തിക്കുക,**
**ആ ചിന്തകളെ**
**പ്രവർത്തിയിലൂടെ**
**സഫലമാക്കുക........**

എ പി ജെ അബ്ദുൽകലാം

-ശുഭം-